പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 376 11.06.2013-ൽ മറുപടിയ്ക്ക്

## അപ്രഖ്യാപിത ലോഡ് ഷെഡിംഗ് നിയന്ത്രിക്കുവാൻ നടപടി.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ചന്ദ്രൻ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ഇപ്പോൾ പവർകട്ടും ലോഡ്ഷെഡിംഗും നിലവിലുണ്ടോ ; എത്ര മണിക്കൂറാണ് ഒരു ദിവസം പ്രഖ്യാപിത ലോഡ് ഷെഡിംഗ് നടത്തുന്നത് ; | (എ) സംസ്ഥാനത്ത് പവർകട്ട് ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ 15.12.2012 മുതൽ വൈദ്യുതി ഉപയോഗത്തിൽ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ 2013 ജൂൺ 1 -ാം തീയതി മുതൽ പിൻവലിച്ചിട്ടുണ്ട്.<br>നിലവിൽ രാവിലെ 9 മണിമുതൽ വൈകുന്നേരം 5 മണിവരെയുള്ള സമയങ്ങളിൽ 1 മണിക്കൂർ ലോഡ്ഷെഡിംങ്ങും, രാത്രി 7 മണി മുതൽ വൈകുന്നേരം 11 മണിവരെയുള്ള സമയത്ത് $^1/_2$ മണിക്കൂർ ലോഡ്ഷെഡിംങ്ങും ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ഇതിനു പുറമേ അപ്രഖ്യാപിത ലോഡ്ഷെഡിംഗ് നടക്കുന്നുണ്ടെന്ന വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | (ബി) അപ്രഖ്യാപിത ലോഡ് ഷെഡിംഗ് നിലവിലില്ല. എന്നാൽ വൈദ്യുതി ലൈനുകളിൽ അപ്രതീക്ഷിതമായി ഉണ്ടാകുന്ന തകരാറുകൾ പരിഹരിക്കുന്നതിന് ലൈൻ ഓഫ് ചെയ്യേണ്ടതായി വരുന്ന സാഹചര്യങ്ങളിൽ പ്രസ്തുത പ്രദേശത്ത് വൈദ്യുതി നിയന്ത്രണം നടപ്പാക്കേണ്ടതായി വരാറുണ്ട്. |
| (സി) അപ്രഖ്യാപിത ലോഡ് ഷെഡിംഗ് വീടുകളെയും വ്യാപാര സ്ഥാപനങ്ങളെയും ചെറുകിട വ്യവസായങ്ങളെയും പ്രതിസന്ധിയിലാക്കിയിട്ടുണ്ടെന്നുള്ള കാര്യം പരിശോധിക്കുമോ ; | (സി & ഡി) അപ്രഖ്യാപിത ലോഡ്ഷെഡിംഗ് നിലവിലില്ല. ലൈനുകളിലുണ്ടാകുന്ന അപ്രതീക്ഷിത തകരാറുകൾ നിയന്ത്രണാതീതമാണ്. |
| (ഡി) ഇതു നിയന്ത്രിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ.